# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 925 11.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.എ.പി.അനിൽ കുമാർ<br>(ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് ചികിത്സാ ധനസഹായം ലഭിക്കുന്നതിന് ഏറെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളിലെ ന്യൂനതകൾ മൂലവും അപേക്ഷകരുടെ ബാഹുല്യം നിമിത്തവും ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സമയബന്ധിതമായി ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ? | (ബി) അപേക്ഷകളിലെ ന്യൂനതകൾ കാലതാമസം കൂടാതെ പരിഹരിച്ചും ആവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാക്കിയും ചികിത്സാ ധനസഹായം സമയ ബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

Dashwiks

സെക്ഷൻ ഓഫീസർ